


# പ്രകൃതിയുടെ ഭംഗി

എന്തു മനോഹരമാണ് പ്രഭാതം! ഗ്രാമം പതിയെ ശബ്ദമുഖരിതമാകുന്നു. മൂടൽ മഞ്ഞ് മായുന്നു.

അപ്പോൾ അതിനിടയിലൂടെ ഓരോ പർവ്വതനിരയും കാണാൻ സാധിക്കുന്നു.

പച്ചപ്പുകൾ നിറഞ്ഞ വയൽത്തീരം. വയലിൽ പണിയെടുക്കുന്നവർ പാട്ടുകൾ പാടുന്നു. അരുവിയിൽ തുള്ളിക്കളിക്കുന്ന കൊച്ചു മീനുകൾ, ആകാശത്ത് വട്ടമിട്ട് പറക്കുന്ന കിളികൾ, മഴവില്ല്...

പ്രകൃതിക്ക് എന്തൊരു ഭംഗിയാണ്!

പ്രകൃതിയുടെ ഭംഗിയെ പറ്റിയാണെന്നു തോന്നുന്നു, ഒരു കിളി മരച്ചില്ലയിലിരുന്ന് പാടുന്നത്.

ഇത്ര മനോഹരമായ പ്രകൃതിയെ എങ്ങനെയാണ് മലിനമാക്കാൻ ആളുകൾക്ക് തോന്നുന്നത് എന്ന് ആലോചിച്ചു പോകുന്നു. പ്രകൃതി നമ്മുടെ അമ്മയാണ്, പ്രകൃതിയെ ചേർത്തു പിടിക്കാം നമുക്ക്..

**ശബാന ആസ്മി. എൻ**
**പ്ലസ് വൺ കൊമേഴ്സ്**
**എം.ഇ.എസ് എച്ച്.എസ്.എസ്, മമ്പാട്**



അനിരുദ്ധ് പി, ക്ലാസ് 5
പി.ഇ.എസ് വാദിഹുദ, പഴയങ്ങാടി



അബ്ദുല്ലാഹ് അർഷാദ്
അൽ മനാർ സ്കൂൾ, യാമ്പു, സൗദി അറേബ്യ

# തത്തയോട്

തത്തേ, തത്തേ
വാ വാ വാ...
പച്ചത്തത്തേ വാ വാ വാ...
പച്ചപ്പട്ടുമുടുത്തിട്ട്
ചുണ്ടിൽ ചായം തേച്ചിട്ട്
അത്തിമരത്തിൻ കൊമ്പത്ത്
ഊഞ്ഞാലാടാൻ പോകേണ്ടേ..
അത്തിക്കായ്കൾ തിന്നണ്ടേ
ആടിപ്പാടി രസിക്കണ്ടേ..
നെൽവയൽ പൂത്തതറിഞ്ഞില്ലേ
നെൻമണി തിന്നാൻ പോകേണ്ടേ...
ഇത്തിരി നേരമിരുന്നാട്ടേ
ഒത്തിരി കാര്യം ചൊല്ലീടാം
കൂടും തേടി പോകാണോ
കൂട്ടം കൂടി പോകാണോ
ഞാനും കൂടെ വന്നോട്ടേ
കുഞ്ഞിത്തത്തേ വാ വാ വാ..

**ഇസ്സ സഹീർ, ക്ലാസ് 4**
**എം.എ.എം യു.പി സ്കൂൾ,**
**പറമ്പിൽ ബസാർ**

# അവൾ ഏകയല്ല

അന്നും പതിവുപോലെ ഉറക്കം വന്നില്ല. അമ്മയെവിടെ പോയെന്നും അറിയില്ല. സ്കൂൾ വിട്ടു വന്നപ്പോൾ തന്റെ കൊച്ചു കുടിലിൽ ആരുമുണ്ടായിരുന്നില്ല. പുറത്ത് ഇടിയും മിന്നലും മഴയുമുണ്ട്. ആരൊക്കെയോ സംസാരിച്ചുനടക്കുന്നതവൾ ഓലമെടഞ്ഞുണ്ടാക്കിയ ചുമരിലെ വിടവിലൂടെ കണ്ടു.

പക്ഷേ, അത് അയൽവാസികളായ രാജേട്ടനും രമച്ചേച്ചിയുമായിരുന്നു. അവർ പറയുന്നതവൾ കേട്ടു: രാജേട്ടാ, നമ്മുടെ മീനാക്ഷിയുടെ അമ്മ ലക്ഷ്മി ഇന്ന് വൈകീട്ട് റോഡ് ക്രോസ് ചെയ്യുമ്പോൾ ലോറി കയറി മരിച്ചൂന്ന്.

ഉടനെ അവൾ അലറി വിളിച്ചു. രമച്ചേച്ചി അവളെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. അമ്മയുടെ ചേതനയറ്റ ശരീരം കണ്ട് അവൾ തളർന്നു. അമ്മയുടെ സംസ്കാരം കഴിഞ്ഞു. അവൾ ഏകയായി. എന്നാൽ സ്കൂളിലെ കുട്ടികളും അധ്യാപകരും എല്ലാം വന്ന്, നീ ഒറ്റക്കല്ല എന്നവളെ ആശ്വസിപ്പിച്ചു.

അതെ, ഞാൻ ഒറ്റക്കല്ല. നന്നായി പഠിക്കണം, അമ്മ സ്വപ്നം കണ്ട പോലെത്തന്നെ എനിക്ക് ഉയരങ്ങളിലെത്തണം. അവൾ മനസ്സിലുറപ്പിച്ചു.

**ഹാജറാ ശദ്‌വ. വി, ക്ലാസ് 7**
**ജി. യു. പി. എസ് ക്ലാരി, എടരിക്കോട്**



ദേവനന്ദ ശേഖർ, ക്ലാസ് 7
എ.സി.കെ.എൻ.എസ്.ജി.യു.പി.എസ്
മേലാങ്കോട്ട്, കാഞ്ഞങ്ങാട്




## ആവർത്തിക്കുന്ന പ്രമേയങ്ങൾ

ഈ ലക്കത്തിലെ രണ്ടുകഥകൾ കൂട്ടുകാർ പലപ്പോഴും ആവർത്തിച്ചിട്ടുള്ള വിഷയങ്ങളാണ്. പക്ഷേ ഇപ്പോൾ വ്യത്യസ്ത കോണിലൂടെയാണ് അവ ആവിഷ്ക്കരിച്ചിരിക്കുന്നത്. 'പ്രകൃതിയുടെ ഭംഗി' എന്ന കഥയിൽ പ്രകൃതിയുടെ തനതായ സൗന്ദര്യത്തെ കഥാകാരി വർണ്ണിച്ചിട്ടുള്ളത് നോക്കുക. നമ്മുടെ ജീവിതത്തിൽ നാം കാണാൻ മറന്നു പോകുന്ന ഇടങ്ങളിലേക്കല്ലേ ആ വരികൾ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്?

അവൾ ഏകയല്ല എന്ന കഥയും കഥാന്ത്യത്തിലെ ഗതിമാറ്റത്താൽ വ്യത്യസ്തമായിരിക്കുന്നു.

● സസ്നേഹം മാഷ്